# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്

## ***ദർഘാസ് പരസ്യം***

നം. 343/കിറ്റ്സ്/ലേഡീസ് ഹോസ്റ്റൽ/2012 | തൈക്കാട് 08.05.2012

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ (കിറ്റ്സ്) ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന 17 വൃക്ഷങ്ങൾ മുറിച്ചു നീക്കി ലേലം കൊള്ളുന്നതിനായി മുദ്ര വച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. മുറിച്ചു മാറ്റേണ്ട വൃക്ഷങ്ങളുടെ അളവുകളും വിലയും സംബന്ധിച്ച വിശദാംശങ്ങളും ദർഘാസ്ഫോറം 100 രൂപയ്ക്കും നേരിട്ട് ഈ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ശേഖരിക്കാവുന്നതാണ്. നിരതദ്രവ്യമായി 500 രൂപ കെട്ടിവയ്ക്കേണ്ടതാണ്. ദർഘാസ്ഫോറം സ്വീകരിക്കുന്ന അവസാനദിവസം **14.05.2012 പകൽ 3 മണി.** ദർഘാസ് സംബന്ധിച്ച വിവരങ്ങൾ www.kittsedu.org എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

ഡയറക്ടർ

## ***ദർഘാസ് അപേക്ഷ***

From

To

ഡയറക്ടർ
കിറ്റ്സ്
തൈക്കാട്

സർ,

കിറ്റ്സിന്റെ ദർഘാസ് പരസ്യത്തിൽ പറഞ്ഞ പ്രകാരമുള്ള ലേലത്തിൽ ഇതോടൊന്നിച്ചുള്ള പൊതു വ്യവസ്ഥകളുടേയും ലേല ഷെഡ്യൂളിന്റെയും അടിസ്ഥാനത്തിൽ പങ്കെടുക്കുവാൻ ഞാൻ തയ്യാറാണ് എന്ന് അറിയിക്കുന്നു. അതുപോലെതന്നെ, ടി പരസ്യത്തിൽ പറഞ്ഞ പ്രകാരം സൂചിപ്പിച്ചിരിക്കുന്ന മരങ്ങൾ കിറ്റ്സ് ആവശ്യപ്പെടുന്ന തീയതിയിലും സമയത്തും തന്നെ മുറിച്ചു നീക്കുവാൻ തയ്യാറാണ് എന്ന വിവരം കൂടി അറിയിക്കുന്നു.

നിരതദ്രവ്യമായി കെട്ടിവക്കേണ്ട തുക പ്രത്യേകമായി ഈ സ്ഥാപനത്തിൽ അടച്ചിട്ടുണ്ട്.

വിശ്വസ്തതയോടെ

ഒപ്പ്

മേൽവിലാസം

# <u>ലേലത്തിന്റെ പൊതുവ്യവസ്ഥകൾ</u>

1. ദർഘാസ് പരസ്യത്തിൽ പറഞ്ഞിട്ടുള്ള ഓഫീസറുടെ പേരിൽ മുദ്ര വച്ച കവറിൽ ദർഘാസ് നമ്പരും പേരും സൂചിപ്പിച്ചു വേണം അപേക്ഷ സമർപ്പിക്കുവാൻ

2. ഈ ഓഫീസിൽ നിന്നും തരുന്ന നിർദ്ദേശിക്കപ്പെട്ട അപേക്ഷാഫോറം ടി ഫോറത്തിന് നിശ്ചയിച്ച വില അടച്ചും വാങ്ങാവുന്നതാണ്. ടി ഫോറത്തിന്റെ വില തിരിച്ചു നൽകുന്നതല്ല. ദർഘാസ് ഫോറത്തിൽ അല്ലാത്ത അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

3. ദർഘാസ് പരസ്യപ്രകാരം അപേക്ഷ നൽകുവാൻ ഉദ്ദേശിക്കുന്നവർ ദർഘാസ് സ്വീകരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന അവസാന ദിവസത്തിൽ നിശ്ചയിച്ച സമയത്തിന് മുൻപ് തന്നെ അപേക്ഷ നൽകിയിരിക്കണം. വൈകി കിട്ടുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

4. സ്റ്റോർ പർച്ചേയ്സ് നിയമപ്രകാരം അംഗീകൃത ഏജൻസികൾ മാത്രമേ അപേക്ഷ നൽകേണ്ടതുള്ളൂ. നിരതദ്രവ്യം കെട്ടിവച്ചതിന്റെ വിശദാംശങ്ങൾ സഹിതം അപേക്ഷകൾ നൽകേണ്ടതാണ്. നിരതദ്രവ്യം കിറ്റ്സിന്റെ ഓഫീസിലാണ് അടയ്ക്കേണ്ടത്. ലേലത്തിൽ ഒഴിവാക്കുന്നവർക്കും ദർഘാസ് അപേക്ഷയിൽ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം ടെൻഡർ നടപടി പൂർത്തീകരിച്ചാൽ ഉടൻ തിരികെ നൽകുന്നതാണ്. ടെൻഡർ ഉറപ്പിച്ച വ്യക്തികൾക്കോ ഏജൻസികൾക്കോ തിരിച്ചു നൽകേണ്ട നിരതദ്രവ്യം അവർ നൽകുന്ന സെക്യൂരിറ്റി തുകയിൽ അഡ്ജസ്റ്റ് ചെയ്യുന്നതാണ്.

5. ടെൻഡർ ഉറപ്പിച്ച വ്യക്തിയോ ഏജൻസിയോ എഗ്രിമെന്റ് വയ്ക്കേണ്ടതും ദർഘാസ് അപേക്ഷയിൽ പറഞ്ഞ പ്രകാരമുള്ള തുകയുടെ 5% കരുതൽധനമായി ഈ സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

6. ടെൻഡർ ഉറപ്പിച്ച വ്യക്തിയോ ഏജൻസിയോ പ്രസ്തുത കാര്യം നിശ്ചയിച്ച സമയത്തിനുള്ളിൽ നിറവേറ്റിയില്ലെങ്കിൽ ടി ടെൻഡർ റദ്ദാക്കുന്നതും ടി ടെൻഡറിൽ വരുന്ന നഷ്ടം ഇവരിൽ നിന്നും കേരള റിക്കവറി നിയമത്തിൽ പറഞ്ഞ വ്യവസ്ഥകൾ പ്രകാരം ഈടാക്കുന്നതുമാണ്.

7. ലേലത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്ന വ്യക്തി/ഏജൻസി ലേലം ഉറപ്പിച്ചു ഉത്തരവ് ലഭിച്ച് മൂന്ന് ദിവസത്തിനകം ദർഘാസിൽ സൂചിപ്പിച്ചിട്ടുള്ള മരങ്ങൾ മുറിച്ച് നീക്കി ഈ സ്ഥാപനത്തിന്റെ കോംപൗണ്ടിൽ നിന്നും മാറ്റിതരേണ്ടതാണ്.

ലേലം കൊള്ളുന്ന മരങ്ങളുടെ അളവ് സംബന്ധിച്ച വിവരങ്ങൾ

| Sl.No | Species | Girth at BH in cm | Volume of timber | Volume of fire wood (MT) |
|---|---|---|---|---|
| 1 | മഞ്ചാടി | 58 | | |
| 2 | ഒലട്ടി | 120 | | |
| 3 | മഴവൃക്ഷം | 94 | 0.257 | 0.636 |
| 4 | മഴവൃക്ഷം | 55 | | |
| 5 | മഞ്ഞണാത്തി | 58 | | |
| 6 | ഒലട്ടി | 120 | | |
| 7 | മഴവൃക്ഷം | 86 | 0.218 | 0.195 |
| 8 | ഞാവൽ | 163 | 1.449 | 0.529 |
| 9 | മഴവൃക്ഷം | 130 | 0.708 | 0.165 |
| 10 | മഴവൃക്ഷം | 94 | 0.257 | 0.036 |
| 11 | മഞ്ചാടി | 110 | 0.396 | 0.085 |
| 12 | മഞ്ചാടി | 128 | 0.708 | 0.165 |
| 13 | ഗുൽമോഹർ | 232 | 2.150 | 1.412 |
| 14 | ഒലട്ടി | 94106 | | |
| 15 | പുളിവാക | 105 | 0.396 | 0.085 |
| 16 | മഞ്ഞണാത്തി | 56 | 0.396 | 0.085 |
| 17 | ഗുൽമോഹർ | | | |